**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 690** **09-08-2023 - ൽ മറുപടിയ്ക്ക്**

**കയർ മേഖലയുടെ നവീകരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി.പി. ചിത്തരഞ്ജൻ | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് കയർ മേഖലയുടെ നവീകരണത്തിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ; | (എ) | സംസ്ഥാനത്ത് പരമ്പരാഗത കയർ തൊഴിലാളികളെ സംരക്ഷിച്ചുകൊണ്ട്, കാലാനുസൃതമായ യന്ത്രവൽകരണത്തിലൂടെയും ഉൽപ്പന്ന വൈവിധ്യവൽക്കരണത്തിലൂടെയും കയർ മേഖലയുടെ നവീകരണത്തിനായി നടപടികൾ സ്വീകരിച്ചു വരുന്നു. ഇതിന്റെ ഭാഗമായി ഓട്ടോമാറ്റിക് സ്പിന്നിംഗ് മെഷീനുകൾ, ഇ-റാട്ടുകൾ, ഓട്ടോമാറ്റിക് ലൂമുകൾ എന്നിവ സ്ഥാപിച്ചിട്ടുണ്ട്. കേരള സ്റ്റേറ്റ് കയർ കോർപ്പറേഷൻ ലിമിറ്റഡിന്റെ വിവിധ യൂണിറ്റുകളിൽ ആധുനിക യന്ത്രങ്ങൾ സ്ഥാപിച്ച് ഗുണമേന്മയുള്ള ഉത്പന്നങ്ങൾ ഉത്പാദിപ്പിച്ച് വിതരണം ചെയ്തു വരുന്നു. ഉൽപ്പന്ന വൈവിധ്യവല്കരണത്തിന്റെ ഭാഗമായി കയർഫെഡ് ചകിരിചോറിൽ നിന്നും വ്യാവസായികാടിസ്ഥാനത്തിൽ ജൈവ വളം ഉൽപ്പാദിപ്പിച്ച് വിപണിയിൽ എത്തിച്ചിട്ടുണ്ട്. |
| (ബി) | ഈ സർക്കാർ അധികാരത്തിൽ വന്നതിന്ശേഷം കയർ സഹകരണ സംഘങ്ങളെ സഹായിക്കാൻ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; | (ബി) | ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം സംസ്ഥാനത്തെ കയർ സംഘങ്ങൾക്ക് ഉൽപ്പാദനത്തിനും വിപണനത്തിനുമുള്ള (പി.എം.ഐ) പദ്ധതിയിൽ ആകെ 23.025 കോടി രൂപയും, അടിസ്ഥാന സൗകര്യ വികസനവും യന്ത്രവൽക്കരണവും പദ്ധതിയിൽ നാളിതു വരെ 33.29 കോടി രൂപയും, വിപണി വികസന (എം.ഡി.എ) പദ്ധതിയിൽ മാറ്റ്സ് ആൻഡ് മാറ്റിംഗ് കയർ സംഘങ്ങൾക്ക് 1.45 കോടി രൂപയും, ഇൻകം സപ്പോർട്ട് പദ്ധതിയിലൂടെ 32.34 കോടിരൂപയും നാളിതു വരെ അനുവദിച്ചിട്ടുണ്ട്. പുനരുദ്ധാരണം, പ്രവർത്തന മൂലധനം, മാനേജീരിയൽ ഗ്രാന്റ് എന്നീ ആവശ്യങ്ങൾക്കായി 8.5 കോടി രൂപയും നടപ്പ് സാമ്പത്തിക വർഷം അനുവദിച്ചിട്ടുണ്ട്. |
| (സി) | കയർ മേഖലയുടെ നവീകരണത്തിന്റെ ഭാഗമായി തൊഴിലാളികളെ പുതിയ ഉല്പന്നങ്ങൾ | (സി) | കയർ മേഖലയിലെ പ്രശ്നങ്ങൾ പഠിക്കുന്നതിനും പരിഹാരങ്ങൾ നിർദ്ദേശിക്കുന്നതിനും സർക്കാർ ഒരു വിദഗ്ധസമിതിയെ നിയോഗിക്കുകയും പ്രസ്തുത സമിതി |

| | | | |
|---|---|---|---|
| | നിർമ്മിക്കുന്നതിന് പ്രാപ്തരാക്കുന്നതിനായി സ്വീകരിക്കുന്ന നടപടികൾ വ്യക്തമാക്കാമോ? | | ഇടക്കാല റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ട് കൂടി പരിഗണിച്ച്, പരമ്പരാഗത തൊഴിലാളികളുടെ നൈപുണ്യ വികസനവും അതുവഴി കയറുല്പന്നങ്ങളുടെ വൈവിധ്യവൽക്കരണവും ലക്ഷ്യമിട്ടുകൊണ്ട് പരമ്പരാഗത കയർ തൊഴിലാളികൾക്ക് മൂന്ന് മാസം ദൈർഘ്യമുള്ള പരിശീലന പരിപാടിക്ക് 08.07.2023 തീയതിയിലെ സ.ഉ.(സാധാ) നം.702/2023/വ്യവ ഉത്തരവ് പ്രകാരം ഭരണാനുമതി നൽകിയിട്ടുണ്ട്. അതോടൊപ്പം, കയർ തൊഴിലാളികൾക്ക് നൈപുണ്യ വികസനത്തിന്റെ ഭാഗമായി ഫ്രെയിമുകളിൽ കയർ മാറ്റുകൾ നെയ്ത് എടുക്കുന്നതിനുള്ള പരിശീലനം സ്റ്റൈപന്റോടു കൂടി നൽകുന്നതിന് സംസ്ഥാന സർക്കാർ നിയന്ത്രണത്തിലുള്ള നാഷണൽ കയർ റിസർച്ച് & മാനേജ്മെന്റ് ഇൻസ്റ്റിറ്റ്യൂട്ടിനെ ചുമതലപ്പെടുത്തുകയും പരിശീലനം ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. കയർ മേഖലയുടെ നവീകരണത്തിന്റെ ഭാഗമായി ഇ-റാട്ടും, ഓട്ടോമാറ്റിക് സ്പിന്നിംഗ് മെഷീനും, ഓട്ടോമാറ്റിക് ലൂമുകളും സ്ഥാപിച്ച് യന്ത്രവത്ക്കരണം നടപ്പാക്കിയിട്ടുള്ളത് പരമ്പരാഗത തൊഴിലവസരങ്ങൾ സംരക്ഷിച്ചുകൊണ്ടാണ്. |

സെക്ഷൻ ഓഫീസർ